**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1083** **12-06-2024 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ ആസ്തികളുടെയും ഗസ്റ്റ് ഹൗസ്, ഐ.ബി. എന്നിവയുടെയും പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ആസ്തികളുടെയും ഗസ്റ്റ് ഹൗസ്, ഐ.ബി. എന്നിവയുടെയും പരിപാലനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | 31-1-2024 ൽ മാനേജിങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗസ്റ്റ് ഹൗസുകളുടെ ശരാശരി വരുമാനം, ചെലവ്, അറ്റകുറ്റ പണികൾക്ക് വേണ്ടി വരുന്ന തുക എന്നിവയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമർപ്പിക്കാൻ എല്ലാ എക്സിക്യൂട്ടീവ് എൻജിനിയർമാർക്കും നിർദേശം നൽകിയിട്ടുണ്ട്.<br><br>വാടകയ്ക്ക് / പാട്ടത്തിന് / മറ്റുരീതിയിൽ ഇവ നല്കുന്നത് സംബന്ധിച്ച് അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ എന്നിവ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഗൂഗിൾ ഷീറ്റ് മുഖാന്തിരം ശേഖരിച്ച വിവരങ്ങൾ പ്രകാരം അറ്റകുറ്റ പണികൾക്ക് വേണ്ടി വരുന്ന തുക മുൻഗണനാ ക്രമത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വാട്ടർ അതോറിറ്റിയുടെ ആസ്തികളിൽപ്പെട്ട സ്ഥലങ്ങൾ മറ്റ് വകുപ്പുകളും, സ്വകാര്യ വ്യക്തികളും കയ്യേറ്റം ചെയ്യാതെ സംരക്ഷിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കാമോ; | (ബി) | വാട്ടർ അതോറിറ്റിയുടെ ആസ്തികളിൽപ്പെട്ട സ്ഥലങ്ങൾ തിട്ടപ്പെടുത്തി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തു വരുന്നു.<br><br>കയ്യേറ്റം തടയുന്നതിനായി ഓരോ ഡിവിഷനു കീഴിലും വരുന്ന കയ്യേറ്റം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അവ ഒഴിപ്പിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പ്രകാരം കൈക്കൊണ്ട നടപടികൾ ലഭ്യമാക്കുവാൻ നിർദേശം നല്കിയിട്ടുണ്ട്.<br><br>ഇതിന് വേണ്ട നിർദേശങ്ങൾ നല്കുന്നതിനായി ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസർ (ലാൻഡ് മാറ്റേഴ്സ്) ആയി നിയമിച്ച് സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ഗസ്റ്റ് ഹൗസുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നിവ നവീകരിച്ച് പൊതുജനങ്ങൾക്കും ടൂറിസ്റ്റുകൾക്കും കൂടി | (സി) | വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ഗസ്റ്റ് ഹൗസുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നിവയുടെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച |

| | | | |
|---|---|---|---|
| | താമസസൗകര്യത്തിനായി ലഭ്യമാക്കുന്നതിനും ആയതിന് ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാമോ? | | ശേഷം ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ